(ബി) കേരള-തമിഴ്നാട്, കേരള-കർണ്ണാടക, കേരള-പോണ്ടിച്ചേരി അതിർത്തികൾ പൂർണ്ണമായി സംയുക്ത സർവ്വേ പൂർത്തിയാകാത്തതുകൊണ്ട് ഈ വിവരം ലഭ്യമല്ല.

ഗ്രൂപ്പു വില്ലേജുകൾ

70 (2126)ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വില്ലേജുകൾ വിഭജിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 119 ഗ്രൂപ്പു വില്ലേജുകൾ

(ബി)&(സി) ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിച്ച് പ്രത്യേകം ഓഫീസ് നിർമ്മിച്ചു നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

കൊക്കാത്തോട് എസ്.എൻ.ഡി.പി. ശാഖായോഗം വക സ്ഥലത്തിന് കൈവശരേഖ

70 (2126)ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊക്കാത്തോട് എസ്.എൻ.ഡി.പി. ശാഖായോഗം വക സ്ഥലത്തിന് കൈവശരേഖ നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി അധികാരികൾക്ക് അപേക്ഷ നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഭാഗത്തെ റീസർവ്വേ കഴിഞ്ഞ് സർവേ നമ്പർ നൽകിയിട്ടുണ്ടോ;

(ഡി) കൊക്കാത്തോട് എസ്.എൻ.ഡി.പി. ശാഖാ യോഗം വക സ്ഥലം പതിച്ചു നൽകാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ടി എസ്.എൻ.ഡി.പി. ശാഖായോഗം പ്രവർത്തകരുടെ നിവേദനം സർക്കാരിന് 24.9.1996 ൽ ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly